(ഡി) പണിയ്ക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) തിരൂർ എടപ്പാൾ ലൈനിന്റെ പണി നിർത്തിവെച്ചിട്ടില്ല.

(സി) ഈ ലൈനിന്റെ പണി 1987-ലാണ് ആരംഭിച്ചത്. തൊണ്ണൂറ് ശത മാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന പത്തു ശതമാനം ജോലികൾ കഴിവതും വേഗം പൂർത്തിയാക്കി ലൈൻ കമ്മീഷൻ ചെയ്യുന്നതാണ്.

83 (1933) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി

ശ്രീ. സി. മമ്മുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് പഞ്ചാ യത്തിലെ എളേറ്റിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നരിക്കുനി പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് സിറ്റി ഡിവി ഷനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) തൽക്കാലം പുതിയ ഓഫീസുകളുടെ രൂപീകരണം ഒന്നും തന്നെ ബോർഡിന്റെ പരിഗണനയിൽ ഇല്ല. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊ ള്ളുകയുള്ളൂ.

(സി) സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) പഠനം നടത്തിയശേഷം യുക്തമായ തീരുമാനം കൈക്കൊള്ളു ന്നതാണ്.

84 (1934) ശബരിമലയിലെ വൈദ്യുതി ചാർജ്ജ്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലും വ്യാപാര സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള വൈദ്യുതി ചാർജ്ജ് എത്ര യെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ വർഷം ഈ സ്ഥാപനങ്ങളിലെ വൈദ്യുതി ചാർജ്ജ് എത്രവീതമായിരുന്നു;

(ഡി) ഇപ്രകാരം വർദ്ധനവ് വരുത്താനുള്ള കാരണം വ്യക്തമാ ക്കുമോ?

ഉത്തരം

(എ) മുൻകൊല്ലങ്ങളിൽ ചെയ്തു വന്നിരുന്നതു പോലെ ഈ ശബരി മല സീസൺകാലത്ത് താൽക്കാലിക കണക്ഷന്റേയും ജോലികളുടേയും നിരക്ക് പരിഷ്ക്കരിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ചുള്ള ബോർഡ് ഓർഡർ അനുബന്ധം - 1 ആയി വച്ചിട്ടുണ്ട്.†

(സി) വിശദാംശങ്ങൾ അനുബന്ധം - II ആയി വച്ചിട്ടുണ്ട്.†

(ഡി) സാധന സാമഗ്രികളുടെ വിലവർദ്ധനവും വൈദ്യുതി ഉൽപ്പാദ നച്ചെലവും മറ്റും വർദ്ധിച്ചതുമൂലമാണ് വൈദ്യുതി ചാർജ്ജ് പരിഷ്ക്കരി ക്കേണ്ടി വന്നത്.

85 (1935) തൊടുപുഴയിലെ ഇലക്ട്രിസിറ്റി ഓഫീസ്

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴയിൽ ഇലക്ട്രിസിറ്റി ഓഫീസ് കെട്ടിടത്തിന് ഡെപ്യൂട്ടി ചീഫ് എഞ്ചീനീയർ തറക്കല്ലിട്ടത് എന്നാണ്; ഇവിടെ കെട്ടിടം പണി യുന്നതിന് ബോർഡിന് എത്ര സെന്റ് സ്ഥലം ഉണ്ട്; പ്രസ്തുത സ്ഥലത്തിന് എത്ര രൂപ ചെലവായി;

(ബി) തൊടുപുഴയിൽ തറക്കല്ലിട്ട വകയിൽ ഇലക്ട്രിസിറ്റി ബോർഡിന് എന്തുതുക ചെലവായി;

(സി) ഓഫീസ് കെട്ടിടം പണിയാൻ ബഡ്ജറ്റിൽ എത്ര രൂപ വകകൊ ള്ളിച്ചിരുന്നു; കെട്ടിടം പണി ടെണ്ടർ ചെയ്തിരുന്നുവോ; വിശദാംശം വെളിപ്പെ ടുത്തുമോ; എ.എസ്.,ടി.എസ്. ഇവ നൽകിയിരുന്നുവോ?

ഉത്തരം

(എ) 9.2.1996 ന് തൊടുപുഴയിൽ ഇലക്ട്രിസിറ്റി ഓഫീസ് കെട്ടിട ത്തിന് അന്നത്തെ വകുപ്പുമന്ത്രി തറക്കല്ലിട്ടു. കെട്ടിടം പണിയുന്നതിന് 122.05 സെന്റ് സ്ഥലം വാങ്ങിയ വകയിൽ 14,29,706 രൂപ ചെലവായി.

(ബി) ഉദ്ദേശം 10,000 രൂപ.

(സി) 1995-96-ലെ ബോർഡ് ബഡ്ജറ്റിൽ 30.70 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നുവെങ്കിലും ടി.എസ്. നൽകിയിട്ടില്ലായിരുന്നു. എ.എസ്. മാത്രമേ നൽകിയിരുന്നുള്ളൂ. ടെണ്ടർ ചെയ്തിട്ടുണ്ടായിരുന്നില്ല. എന്നാൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly